# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2042

07.03.2017 -- ൽ മറുപടിക്ക്

## റേഷൻ കട ഉടമകളുടെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.ബി. സതീഷ്: | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെയും ആധാർ നിർബന്ധമാക്കുന്നതിന്റെയും പശ്ചാത്തലത്തിൽ റേഷൻകട ഉടമകളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആയത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; റേഷൻ കട ഉടമകൾക്ക് മിനിമം വേതനം എന്നതിനോട് നിലപാട് വ്യക്തമാക്കാമോ;<br><br>(സി) റേഷൻ കടകളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് അളവിൽ കൃത്യതയുണ്ടാകാറില്ല എന്ന സ്ഥിരം പരാതിക്ക് പരിഹാരം കാണാനാകുമോ; ആയതിനുള്ള നടപടി വിശദീകരിക്കാമോ? | (എ) യും (ബി) യും (സി) യും | 2013 ൽ ഭാരത സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നു. റേഷൻ കാർഡുകളുടെ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങളും ശേഖരിച്ചിരുന്നു. ഈ വിവരങ്ങൾ നാഷണൽ ഇൻഫോർമാറ്റിക്സ് (എൻ.ഐ.സി) തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ മുഖേന റേഷൻ കാർഡ് ഡാറ്റാബേസിൽ സീഡ് ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യൂ.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. 2017 മദ്ധ്യത്തോടുകൂടി എല്ലാ റേഷൻ കടകളിലും ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീൻ സ്ഥാപിക്കുന്നതിനും റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ സാധനങ്ങളുടെ അളവിലെ കൃത്യത സംബന്ധിച്ച പരാതി ഇല്ലാതാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ